**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1515 | 07-06-2018 -ൽ മറുപടിക്ക്

## റോഡുകളെ ഫ്ലഡ് പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. പി.ടി.എ.റഹീം** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (ബഹു: റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഫ്ലഡ് പ്രവൃത്തികളിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്ന റോഡുകളുടെ പ്രവൃത്തി നടത്തുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ ഇടക്കിടെ മാറ്റുന്നത് പ്രയാസം സൃഷ്ടിക്കുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) | ഇല്ല. |
| ബി) | മണ്ണ് റോഡുകൾ സംരക്ഷിക്കപ്പെടണമെങ്കിൽ അവയുടെ സൈഡ് കെട്ടി സംരക്ഷിക്കണമെന്നത് പരിഗണിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | ബി), | സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം മുൻപ് അരിക് കെട്ടിയ മണ്ണ് റോഡ് ആണെങ്കിൽ, ഈ കെട്ട് തകർന്ന് പോയിട്ടുണ്ടെങ്കിൽ ഈ കെട്ട് പുനർ നിർമിക്കുവാൻ ഒരു തടസവും ഇല്ല എന്നാൽ പുതിയ പ്രവർത്തിയായി അരിക് കെട്ടുവാൻ അനുമതി ഇല്ല; അതായത് മുൻപ് അരിക് കെട്ടിയിട്ടില്ലാത്ത റോഡുകളിൽ പുതുതായി അരിക് കെട്ടുവാൻ അനുമതി ഇല്ല. |
| സി) | തൊഴിലുറപ്പ് പദ്ധതിയിൽ സോളിംഗ് ചെയ്ത റോഡുകളിൽ ടാർ ചെയ്യുന്നതിന് അനുവദിക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | സി) | കേന്ദ്രസർക്കാരിന്റെ മാനദണ്ഡപ്രകാരമാണ് ദുരന്ത പ്രതികരണ നിധിയിൽ നിന്നും ആശ്വാസ ധനസഹായം അനുവദിക്കുന്നത്. നിലവിലുള്ള മാനദണ്ഡപ്രകാരം പ്രകൃതിക്ഷോഭത്തിൽ കേടുപാട് സംഭവിച്ച റോഡുകൾ / എട്ടപ്പുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ, പുനർനിർമ്മാണം മാത്രമാണ് (repair/restoration) ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദനീയമായിട്ടുള്ളത്. |
| ഡി) | സർക്കാർ ഇക്കാര്യത്തിൽ പുനരാലോചന നടത്തുമോ എന്ന് വ്യക്തമാക്കാമോ? | ഡി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വിനിയോഗ മാനദണ്ഡം കാലോചിതമായി പരിഷ്കരിക്കണം എന്ന് 15-ാം ധനകാര്യ കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ